






# തിരുമുറ്റം

## സുല്ലമുസ്സലാം ഓറിയെന്റൽ ഹയർ സെക്കണ്ടറിസ്കൂൾ

### അരീക്കോട്



എഴുത്ത് എന്നാൽ കവിതയും കഥയും മാത്രമല്ല ,എഴുത്ത് ആത്മാവിഷ്കാരത്തിനായി മാത്രം നിർവഹിക്കുന്നതുമല്ല.നാം അറിഞ്ഞകാര്യം മറ്റുള്ളവർക് പകർന്നു കൊടുക്കേണ്ടി വരുന്ന ചില സന്ദർഭങ്ങൾ പലപ്പോഴും നമുക്കെല്ലാവർക്കും ഉണ്ടാവും ഗൗരവതരവും മൗലികവുമായ എഴുത്തുശീലങ്ങൾക് സാധ്യതയേറെയാണിന്ന് ചെറുതും വലുതുമായ എല്ലാ പ്രസിദ്ധീകരണങ്ങളും ധാരാളം എഴുത്തുകാർക് ഇടം നൽകുന്നുണ്ട അതുപോലെ ലിറ്റിൽ കൈറ്റും നൽകിവെരുന്ന അവസരങ്ങൾകും ആശംസകൾ നേരുന്നു.

സിപി   അബ്ദുൽ കരീം

ഹെഡ്മാസ്റ്റർ

ആമുഖം

# ഞങ്ങൾക്കും ചിലത് പറയാനുണ്ട്

**സക്രിയത പ്രകൃതി സഹജീവനം ധ്യാനം സ്വാഭാവിക പുഞ്ചിരി കാരുണ്യം ഭക്ഷണം കൂട് ഉറക്കം വിശ്രമം സാധാരണത്തം ജാഗ്രത സൂക്ഷ്മത കവിത ലാളിത്യം സൗഹൃദം ഇതെല്ലാം ഉള്ള ഒരു ജീവിതലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ മാസിക**

# പത്രാതിപ സമിതി

## മാനേജിംഗ് എഡിറ്റർ

കെ അബ്ദുസ്സലാം

## ചീഫ് എഡിറ്റർ

സി പി അബ്ദുൽ കരീം

## എക്സിക്യൂട്ടീവ് എഡിറ്റര്

മുഹമ്മദ് ഇസ്ഹാഖ് പി

കൈറ്റ് മാസ്റ്റർ

## അസോസിയേറ്റ് എഡിറ്റർ

റംഷിദ എൻ കെ

കൈറ്റ് മിസ്ട്രസ്

## എഡിറ്റർ

ആത്വിഫ് മിയാൻ

## അസിസ്റ്റൻഎഡിറ്റർ

യാസീൻ മുജീബ്

## സബ്എഡിറ്റർ

അംന പി

ത്വുബ

ഹുദ മജീദ് കെ പി

**ക്രിസ്തുമസ്സ് മാറ്റിവെച്ച്**
**സ്നേഹം പങ്കിടാൻ ബേബി മാസ്റ്ററെത്തി**
**അതും സുല്ലമുസ്സലാമിൻ മുറ്റത്ത്**




മുവാറ്റുപുഴ സ്വദേശി ബേബി മാസ്റ്റർ ഇന്ന് കുടുംബവും നാട്ടുക്കാരോടുമൊത്തു ക്രിസ്തുമസ്സ് ആഘോഷിക്കേണ്ടതായിരുന്നു എന്നാൽ അദ്ധേഹം അതെല്ലാം മാറ്റിവെച്ചു വാർദ്ധക്യം മറന്ന് ഇരുന്നൂറോളം കിലോമീറ്റർ താണ്ടി മലപ്പുറത്തെ അരീക്കോട് സുല്ലമുസ്സലാം ഓറിയെന്റൽ സ്കൂളിൽ പൂർവ്വവിദ്യാർത്ഥികളുടെ സംഗമമായ സുല്ലമുസ്സലാം ഓറിയന്റൽ സ്കൂൾ ഗ്ലോബൽ അലുംനി മീറ്റിന് വന്നിരിക്കുന്നു ,കാരണങ്ങൾ ഒരുപാടുണ്ട്

ജീവിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷം നൽകിയത് ഈ സ്കൂളും നാട്ടുകാരും സഹപ്രവർത്തകരും വിദ്യാർത്ഥികളുമാണെന്ന് അദ്ധേഹം നന്ദിയോടെ സ്മരിക്കുന്നു ,

സ്കൂൾ ആരംഭം തൊട്ട് എൻ വി ഇബ്രാഹീം മാസ്റ്ററുടെ കീഴിൽ അദ്ധ്യാപന സേവനം ചെയ്തത് മഹാഭാഗ്യമായും അദ്ധേഹം കാണുന്നു,

സ്കൂൾ തുടക്കത്തിൽ അദ്ദേഹമടക്കം കല്ലുകൾ ചുമന്ന് കൊണ്ടുവന്നിട്ടുണ്ട് ചുമരുകൾ പടുത്തുയർത്താനായി ഈ മഹാ സ്ഥാപനത്തിലെ വളർച്ചക്ക് അങ്ങനെയെങ്കിലും ഭാഗമായതിൽ അദ്ദേഹം അഭിമാനം കൊള്ളുന്നു.

അന്നത്തെ വിദ്യാർത്ഥകളെയെല്ലാം സ്വന്തം മക്കളെ പോലെയാണ് അദ്ദേഹത്തിന് കാണാനായത് എൻ വി അബ്ദുസ്സലാം മൗലവിയുടെയും എൻ വി ഇബ്രാഹീം മാസ്റ്ററുടെയും ദീർഘവീക്ഷണത്തെ പ്രശംസിക്കുകയും ചെയ്തു, ക്രിസ്തുമസ്സ് മാറ്റിവെച്ച് പഴയ കലാലയത്തിലെ സ്നേഹം പങ്കിടാനെത്തിയ അദ്ദേഹത്തെ ആദ്യബാച്ചിലേ വിദ്യാർത്ഥികൾ ഹൃദയം നിറഞ്ഞ സ്നേഹത്തോടെയാണ് വരവേറ്റത്

# *Global Alumni Meet*




അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഇന്ന് കൃസ്തുമസ് ദിനത്തിൽ (25.12.2019, ബുധനാഴ്ച്ച) നടന്ന Global Alumni Meet അക്ഷരാർത്ഥത്തിൽ തന്നെ ഒരു ചരിത്ര സംഭവമാണ്! കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള സർക്കാർ-എയ്ഡഡ് മേഖലകളിലെ നിരവധി സ്കൂളുകളിൽ ഇതുപോലുള്ള പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ നടക്കാറുണ്ട്. ഓറിയന്റലിനേക്കാൾ അക്കാദമീയവും അക്കാദമീയേതരവുമായ പലരംഗങ്ങളിലും അവയിൽ പലതും കൂടുതൽ മികവ് പുലർത്തുന്നവയുമാണ്. അതൊക്കെ ശരിയായിരിക്കാം. എന്നാൽ ഓറിയന്റൽ സ്കൂളിൽ ഇന്ന് നടന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിന് എവിടെയുമില്ലാത്ത അലൗകികമായ ഒരു പ്രഭാവമുണ്ടായിരുന്നു എന്ന് പറയാതിരിക്കാനാവില്ല! അതെന്തുകൊണ്ടായിരിക്കാമെന്ന് പഠിക്കേണ്ടിയിരിക്കുന്നു. ഒരു ഗ്രാമം മുഴുവൻ ഇതുപോലെ ഉടുത്തൊരുങ്ങി ഒരു വിദ്യാലയമുറ്റത്ത് പഴയകാലഓർമ്മകളിൽ മുങ്ങിത്താഴ്ന്ന് നിൽക്കുന്ന അത്യപൂർവ്വമായ കാഴ്ച്ച! ഒരു പക്ഷെ ഈ വിദ്യാലയത്തിന് മാത്രമേ ഇതുപോലൊരു കൂട്ടായ്മ ഉയർത്തിക്കൊണ്ടുവരാനാവൂ എന്ന് തോന്നുന്നു. അരീക്കോടൻ ജീവിതത്തിൽ ഇഴുകിച്ചേർന്ന ഫുട്ബാൾ ലഹരിയും പുഴയുടെ സാന്നിദ്ധ്യവും തൊട്ട് തൊട്ട് വീടുകളുള്ള താഴത്തങ്ങാടിപോലുള്ള സ്ഥലങ്ങളിൽ നിലനിൽക്കുന്ന സവിശേഷമായ ജീവിതസംസ്കാരവുമൊക്കെ ഇതിന് കരണമായിട്ടുണ്ടാവാം.
ഈ ഗ്രാമത്തിന് മാത്രമായി അവകാശപ്പെടാവുന്ന എന്തോ ഒരു സവിശേഷതയുണ്ട്!
അത് നന്മയുടേതാണ്. നിഷ്ക്കളങ്കതയുടേതാണ്. ഒരുമയുടെയും സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റേതുമാണ്...............
പ്രിയപ്പെട്ട അരീക്കോട്ടുകാരെ,
നിങ്ങളുടെ ഗ്രാമത്തെ ചൂഴ്ന്നുനിൽക്കുന്ന അജ്ഞാതമായ ആ സവിശേഷതയുണ്ടല്ലോ, അത് കൈമോശം വരാതെ കാത്തുസൂക്ഷിക്കാൻ നിങ്ങൾക്കാവട്ടെ!
സുല്ലമുസ്സലാം ഓറിയന്റൽ ഹയർസെക്കന്ററി സ്കൂളിന്റെ മാസ്മരിക കരസ്പര്ശത്തിൽ രൂപപ്പെട്ടുവന്ന മഹത്തായ ആ സവിശേഷതയെ കൂടുതൽ ഉയർന്ന മാനങ്ങളിലേയ്ക്ക് കൊണ്ടുപോവാൻ നിങ്ങൾക്കാവട്ടെ എന്നാശംസിക്കുന്നു!
(MA-25.12.2019)എന്റെ സഹപാഠി വഹീദ mokkath ന്റെ ഭർത്താവ് അബ്ദുറഹ്മാൻ മാസ്റ്റർ ആണ് കുറിപ്പുകാരൻ

റിപ്പോർട്ട്



# സുല്ലമുസ്സലാം വിദ്യാർഥികളുടെ ആറാമത്തെ വീടിന്റെ താക്കോൽ കൈമാറി

അരീക്കോട് :സുല്ലമുസ്സലാം ഓറിയൻറൽ ഹയർസെക്കൻഡറി സ്കൂളിലെ എൻഎസ്എസ് യൂണിറ്റ് ഈ വർഷം നിർമ്മിച്ച് നൽകുന്ന ആറാമത്തെ വീടിന്റെ താക്കോൽദാനം ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ . പി വി എ മനാഫ് നിർവഹിച്ചു. ഊർങ്ങാട്ടിരി തെരട്ടമ്മൽ പ്രദേശത്തെ ഒരു വിധവക്കാണ് വിദ്യാർത്ഥികൾ വീട് നിർമ്മിച്ച് നൽകുന്നത്. ഭക്ഷ്യമേള സംഘടിപ്പിച്ച് സഹപാഠികൾക്ക് 5 വീട് നിർമ്മിച്ച് നൽകിയതിൽ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ആറാമത്തെ വീടും നിർമിച്ചു നൽകാൻ കുട്ടികൾ തീരുമാനിക്കുകയായിരുന്നു.

പ്രൊഫസർ എൻ വി സക്കരിയ, എംടി അബ്ദുനാസർ ,MPB ഷൗക്കത്തലി തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു. സ്കൂൾ മാനേജർ കെ അബ്ദുസ്സലാം മാസ്റ്റർ അധ്യക്ഷത വഹിച്ചു പ്രിൻസിപ്പാൾ കെടി മുനീബ് റഹ്മാൻ സ്വാഗതവും എൻഎസ്എസ് കോ-ഓർഡിനേറ്റർ മുഹ്സിൻ ചോലയിൽ നന്ദിയും പറഞ്ഞു

ലേഖനം

**കാക്കവിചാരം**



കാലത്തെഴുന്നേറ്റ് പരിസര ശുചീകരണം ആരംഭിക്കുന്ന കാക്കൾ എല്ലാതരത്തിലും നമുക്ക് ഏറെ അനുകരണീയരാണ്. കൂട്ടായുമയുടെയും ചെറുത്തുനിൽപ്പിൻെറയും തന്ത്രത്തിൻെറയും കാര്യത്തിൽ മികച്ച മാതൃകകളായ കാക്കകൾ കൂട്ടമായി പ്രധിഷേധിക്കാരുണ്ട്,വൃത്തിടെ പ്രതീകമവുന്ന കാക്കൾ എല്ലാപ്പോഴും വൃത്തിയും വെടിപ്പും സൂക്ഷപക്കുന്നവരാണ്. നമ്മുടെ നാട്ടിൽ പൊതുവെ രണ്ടതരം കാക്കളുണ്ട്. ബലികാക്കയും പേനകാക്കയും.വലിപ്പത്തിൽ ബലികാക്കളാണ് മുന്നിൽ.കൂട്ടതോടെ ചേക്കേറി കോളനികളായി കഴിയാനിഷ്ട്ടപെടുന്ന കാക്കൾ പൊളുശത്രുവിനെ കൂട്ടത്തോടെ ആക്രമിക്കുക പതിവാണ്. അവരുടെ സംഘബോധം അവർക്ക് രക്ഷയും ശിക്ഷയും ആകാറുണ്ട് നമ്മുടെ നിത്യ ജീവിതവുമായി അഭേദ്യബന്ധമുള്ള കാക്കൾ ഋഗേദ കാലഘട്ടം മുതൽ നമ്മുടെ ആചാരാനുഷ്ഠാനങ്ങളിൽ നിറഞ്ഞു നിൽക്കുന്നുണ്ട് .പുരാണഇതിഹാസകഥകളിലെല്ലാം കാക്ക മുഖ്യകഥാപാത്രമാകുന്ന നിരവധി കഥകളുണ്ട്.മികച്ച കാഴ്ച്ച ശക്തിയുള്ള കാക്കൾ ഓർമ്മശക്തിയുടെ കാര്യത്തിലും ഒട്ടും പിറകിലല്ല.വിത്തു വിതരണകാര്യത്തിൽ മുൻപന്തിയിലാണ് കാക്കൾ.കാക്ക കാഷ്ടിച്ച വിത്തുകളാണ് നാടൻ മുളകായി മുളച്ച് പൊന്തുന്നത്.

ഗാലറി

# ജില്ലയിൽ ഫുട്ബോളിൽ പ്രതാപ കാലം തിരിച്ചു പിടിച്ചു SOHSS അരീക്കോട്




ഇന്ത്യയിലെ അറിയപ്പെടുന്ന ഫുട്ബോൾ ടൂർണമെന്റ് ആയ റിലൈൻസ് ഫൗണ്ടേഷൻ യൂത്ത് സ്പോർട്സ് സംഘടിപ്പിക്കുന്ന ജില്ലയിലെ മികച്ച ഫുട്ബോൾ ടീമുകൾ ഉള്ള സ്കൂളുകൾ പങ്കെടുക്കുന്ന മലപ്പുറം ജില്ലാ സോണൽ മത്സരത്തിൽ കരുത്തരായ MES മമ്പാടിനെയും , EMEA കൊണ്ടോട്ടി ,GHSS പാണ്ടിക്കാട് എന്നിവരെ പരാജയപ്പെടുത്തി സെമി ഫൈനലിൽ പ്രവേശിച്ച കൊണ്ട് ഫുട്ബോളിൽ മങ്ങി പോയ പ്രതാപം തിരിച്ച പിടിക്കാൻ ശ്രമിക്കുകയാണ് അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂൾ.
സെമി ഫൈനലിൽ ഇന്ന് (26.11.19) വൈകുന്നേരം 4 മണിക്ക് മലപ്പുറം MSP യെ നേരിടും

വാർത്ത

# മിഴിവു നേത്ര രോഗ നിർണയ ക്യാമ്പും ബോധവൽക്കരണവും സംഘടിപ്പിച്ചു




അരീക്കോട്: അരീക്കോട് ലയൺസ് ക്ലബ്ബും സുല്ലമുസ്സലാം ഓറിയൻറൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റും മഞ്ചേരി അഹല്യ ഫൗണ്ടേഷൻ കണ്ണാശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച മിഴിവ് രോഗനിർണ്ണയവും ബോധവൽക്കരണ ക്യാമ്പും ലയൺസ് ക്ലബ് റീജണൽ പ്രസിഡണ്ട് അജിത്ത് കെ പി ഉദ്ഘാടനം ചെയ്തു. പി ചാർട്ടർ പ്രസിഡണ്ട് കാഞ്ഞിരാല അബ്ദുൽകരീം , സെക്രട്ടറി റാസിക് എ പി , ട്രഷറർ ആഷിഫ് നാലകത്ത് , സ്കൂൾ പ്രിൻസിപ്പാൾ മുനീബ് റഹ്മാൻ , എം എസ് പി ഡെപ്യൂട്ടി കമാൻഡ് പി ഹബീബ് റഹ്മാൻ, സ്കൂൾ പ്രധാന അധ്യാപകൻ സി പി അബ്ദുൽ കരീം, സ്കൗട്ട് മാസ്റ്റർമുഹമ്മദ് റാഫി, ഗൈഡ് ക്യാപ്റ്റൻ മാരായ പി.കെ. ഷിജി, ഷാനാ നസ്രീൻ എന്നിവർ പ്രസംഗിച്ചു

മികവ്

## അരീക്കോട് സബ്ജില്ലാ നീന്തൽ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി SOHSS Areekode





**ലേഖനം**

# സേവന പാതയിൽ

പേരറിയാത്ത ഒരു പെൺകുട്ടിക്ക് വേണ്ടിയാണിയെഴുത്ത്... കൂടെയുള്ള അവളുടെ കൂട്ടുകാരികൾക്കും വേണ്ടി...

ഒക്ടോബർ 11 വെള്ളി,

അരീക്കോട് സബ് ജില്ല ശാസ്ത്രമേള നടക്കുകയാണ്.. 150 ൽ പരം വിദ്യാലയങ്ങളിൽ നിന്നായി ഒരു പാട് വിദ്യാർത്ഥികൾ ... അധ്യാപകർ രക്ഷിതാക്കൾ .... ശാസ്ത്രമേളയുടെ തിക്കിലും തിരക്കിലും പെട്ട് ആടിയുലഞ്ഞ് പൊരിവെയിലിന്റെ ചൂടിൽ വന്നവർക്ക് എല്ലാവിധ സൗകര്യങ്ങളുമൊരുക്കാൻ ആഞ്ഞു പരിശ്രമിക്കുകയാണ് ആതിഥേയർ.....

S0HS അരീക്കോട് ലെ അധ്യാപകരും കുട്ടികളും.

ഉച്ചക്ക് ഭക്ഷണം കഴിക്കാൻ പോകുമ്പോഴാണ്,

ശാസ്ത്ര പരീക്ഷണം നടക്കുന്ന Room No.10 (Staff room നടുത്ത് ) ഒരു സ്കൗട്ട് dress കാരിയായ പെൺകുട്ടി



നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടത്...

നന്നായി ക്ഷീണിച്ചിട്ടുണ്ട് ... മുഖം വാടിയിരിക്കുന്നു... ആ Room ലേക്കുള്ള judges എന്റെ കൂടെ ഭക്ഷണത്തിന് പോരുകയാണ്. സമയം 2 മണി ... [അത്രയും വൈകിയത് കൊണ്ടാണ് ജഡ്ജ് മെൻറ് പകുതിയാക്കി അവർ ഭക്ഷണത്തിന് വരുന്നത്. മത്സരാർത്ഥികളെ ഭക്ഷണത്തിന് നേരത്തെ വിട്ടിരുന്നു.]

ആ കുട്ടികളുടെ ശാസ്ത്ര പരീക്ഷണശാലക്ക് കാവൽ നിൽക്കുകയാണീ കുട്ടി. ഞങ്ങൾ എല്ലാവരും പറഞ്ഞു. മോളെ പോയി ഭക്ഷണം കഴിച്ചോളൂ... ഇനി മത്സരം കഴിയാൻ 3 മണി കഴിയും.. Room അടച്ചിട്ടാൽ മതി! അല്ലെങ്കിൽ വേറെ വളൻ ടിയർ മാരെ നിർത്താം..

മറ്റു വിദ്യാലയത്തിലെ കുറെ അധ്യാപികമാരും കൂടെക്കൂടി... ..

പക്ഷെ

ഈ +1 ന് പഠിക്കുന്ന കുട്ടി അവളെയേൽപ്പിച്ച., അവളേറ്റെടുത്ത സേവനത്തിൽ നിന്ന് ഒരിഞ്ച് പിൻമാറുന്ന മട്ടില്ല ...

സർ .. ഇത് എന്നെ ഏൽപ്പിച്ച Room ആണ് ,ഇവിടെ മത്സരം കഴിയാതെ എനിക്ക് ഭക്ഷണത്തിന് പോകാൻ കഴിയില്ല .... എന്ന

അവളുടെ പിടിവാശിക്കു മുൻപിൽ ഞങ്ങൾ തോറ്റു ...

ക്ഷീണിച്ച കണ്ണുകൾ ... തളർന്നു വാടിയ മുഖം... എന്നിട്ടും ..!!

ഈ വിദ്യാലയത്തിലെ കുട്ടികളൊക്കെ ഇങ്ങനെയാണെന്ന് ഭക്ഷണ ഹാളിലെത്തിയപ്പോൾ തോന്നി... ഈ കാലത്ത് ഇങ്ങനെയും കുട്ടികളുണ്ടോ? എന്റെ കൂടെ വന്ന മൂന്ന് സീനിയർ സയൻസ് ജഡ്ജസ് ചർച്ച ചെയ്യുകയാണ്....!: !

കൂടെ എന്റെ കൂട്ടുകാരികളുമുണ്ടെന്ന് അവൾ പറഞ്ഞിരുന്നത് സത്യമാണെന്ന് ... വൈകീട്ട് 5 മണിക്ക് ഓഫീസിന് മുന്നിൽ തളർന്നിരിക്കുന്നത് കണ്ടപ്പോൾ മനസ്സിലായി...

പേരറിയാത്ത പ്രിയ കുട്ടികളെ ...

SOH SS അരീക്കോട് നാളെയറിയപ്പെടുന്നത് നിങ്ങളുടെ നിസ്വാർത്ഥ സേവനത്തിന്റെ പേരിലായിരിക്കും...

(അത് പകർന്ന് തന്ന നിങ്ങളുടെ ഗുരുനാഥരുടെ പേരിലും ....)

നിങ്ങൾ വരച്ചിട്ടു പോകുന്നത് പുതിയ തലമുറയുടെ സ്നേഹത്തിന്റെ... ഉത്തരവാദിത്തത്തിന്റെ നിറം ചാർത്തിയ മഴവില്ലുകൾ ആണ്

അത് നിങ്ങളുടെ കലാലയത്തിന് വേറിട്ട മാനം തീർക്കും...

അരീക്കോട് എന്ന പ്രദേശത്തിന്റെ കെടാവിളക്കായ ഈ കലാലയവും നിങ്ങളും അടയാളങ്ങളായി... ചരിത്ര പുസ്തകത്തിൽ തിളങ്ങി നിൽക്കും

തീർച്ച



# SOHSS bagged PM Foundation Award for Institutional excellence - 2019

SSLC പരീക്ഷയിൽ 100 % വിജയം നേടിയ സ്കൂളുകൾക്ക് PM Foundation ഏർപ്പെടുത്തിയ Institutional അവാർഡിന് അർഹത നേടി SOHSS...

23- 12- 2019 ന് Ernamkulam Le Meridien International convention Center ൽ വെച്ച് നടക്കുന്ന ചടങ്ങിൽ അവാർഡ് വിതരണം ചെയ്യപ്പെടും.

**P.M.FOUNDATION**

Aspire... Excel.. Inspire

**Dr. P. Mohamed Ali (Founder), A. P. M. Mohammed Hanish I A S (Chairman)**

| | |
|---|---|
| MOUNT SEENA PUBLIC SCHOOL | PALAKKAD |
| MPM EM HSS THAMMANAM | ERNAKULAM |
| MUSLIM H S S KANGAZHA | KOTTAYAM |
| NAJATH HIGHER SECONDARY SCHOOL | MALAPPURAM |
| P T M H S S KODIYATHUR | KOZHIKODE |
| S O H S S AREEKODE | MALAPPURAM |
| SIRAJUL HUDA ENGLISH MEDIUM SCHOOL, KUTTIADI | KOZHIKODE |
| SSMHSS, KOCHALUMMOODU | THIRUVANATHAPURAM |
| THAJUL ULOOM EMHS VALAPATTANAM | KANNUR |
| THAQWA R.E.H.S. ANDATHODE | THRISSUR |
| THARTHEEL CENTRAL SCHOOL | MALAPPURAM |
| W.M.O ENGLISH SCHOOL | WAYANAD |
| WMO ENGLISH ACADEMY ORPHANGE ENGLISH SCHOOL | WAYANAD |

# അദ്ധ്യാപക ശാക്തീരണ പദ്ധതി






# യാത്രയയപ്പ് അടിപൊളിയാക്കാൻ 'ബിരിയാണിപ്പാടം' റെഡി

## സ്കൂളിലെ മുഴുവൻകുട്ടികൾക്കും ബിരിയാണിക്ക് നെല്ലു വിളയിച്ച് അരീക്കോട് എസ്.ഒ.എച്ച്.എസ്.എസ്.

**സി. സാന്ദീപനി**
**അരീക്കോട്:**

'പിരിഞ്ഞുപോകുന്ന ചങ്കന്മാർക്ക് അടിപൊളിയായി യാത്രയയപ്പ് കൊടുക്കണം. എന്നാപ്പിന്നെ അന്ന് എല്ലാർക്കും ബിരിയാണി കൊടുത്താലോ?' അനസ് ചോദിച്ചപ്പോൾ അജ്മലിനൊരു സംശയം:

'സ്കൂളിലെ 2600 പേർക്കും ബിരിയാണി കൊടുക്കാനോ? ന്നാപ്പിന്നെ മ്മള് തെണ്ടി കുത്തുപാളയെടുക്കും'

പക്ഷേ, തെണ്ടാതെയും കുത്തുപാളയെടുക്കാതെയും മുഴുവൻപേർക്കും ബിരിയാണിയുണ്ടാക്കാൻ അവരൊരു വഴി കണ്ടുപിടിച്ചു: 'ബിരിയാണിയരി കൃഷിചെയ്യുക' അങ്ങനെയാണ് അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ സ്കൂളിലെ കുട്ടികൾ ആറുമാസം മുമ്പ് സ്കൂളിനടുത്തുള്ള ഒന്നരയേക്കർ പാടത്ത് 'ഗന്ധകശാല' വിതച്ചത്. ബിരിയാണിക്കുപറ്റിയ ഒന്നാന്തരം നെല്ലാണ് ഗന്ധകശാല.

ട്രാക്ടർകൊണ്ട് ഉഴുതശേഷമുള്ള എല്ലാ ജോലികളും 'ടൈംടേബിൾ' വെച്ച് അവർതന്നെ ചെയ്തു. ഇപ്പോൾ പച്ച പിടിച്ചുനിൽക്കുന്ന ഈ പാടം ഫെബ്രുവരിയോടെ കൊയ്യാം. മാർച്ചിൽ പത്താംതരത്തിലെയും പ്ലസ്ടുവിലെയും 'ചങ്കന്മാർക്ക്' യാത്രയയപ്പുനൽകുന്ന ദിവസം മുഴുവൻകുട്ടികൾക്കും ബിരിയാണി വെക്കാം.



കതിരണിയും കൂട്ട് ഗന്ധകശാല നെല്ല് വിളയുന്ന പാടത്ത് എസ്.ഒ.എച്ച്.എസ്.എസ്സിലെ കുട്ടികൾ | ഫോട്ടോ: കെ.ബി. സതീഷ് കുമാർ

ഹയർസെക്കൻഡറിയിലെ എൻ.എസ്.എസ്. ടീമും സ്കൗട്ട്സ് ആൻഡ് ഗൈഡ്സും ചേർന്നാണ് കൃഷി നടത്തുന്നതെന്ന് പ്രിൻസിപ്പൽ കെ.ടി. മുനീബ് പറഞ്ഞു. നാലുവർഷമായി ഇവിടെ സാധാരണ നെല്ലിനങ്ങൾ കുട്ടികൾ കൃഷിചെയ്യുന്നുണ്ട്. നൗഷീർ കല്ലട എന്ന യുവകർഷകൻ വിട്ടുനൽകിയ സ്ഥലത്താണ് കൃഷി. ആവശ്യമായ നിർദേശങ്ങളുമായി നൗഷിർ എപ്പോഴും അവർക്കൊപ്പമുണ്ടാവുകയും ചെയ്യും. കൃഷി ഓഫീസർ അജിത്കുമാറിന്റെ സഹായങ്ങളുമുണ്ട്. എൻ.എസ്.എസ്.കോ-ഓർഡിനേറ്റർമാരായ അനസും അജ്മലും ആണ് കുട്ടിപ്പടയുടെ ലീഡർമാർ.

2600 കുട്ടികൾക്ക് രണ്ടുദിവസത്തെ ഊണിനുള്ള നെല്ല് മുൻവർഷങ്ങളിൽ കിട്ടിയിരുന്നതായി അധ്യാപകൻ കെ.കെ. നസീർ പറഞ്ഞു. എൻ.എസ്.എസ്.കോ-ഓർഡിനേറ്റർ മുഹ്സിൻ ചോലയിൽ, നിസാർ കടൂരാൻ, കെ.വി. കാമിൽ എന്നീ അധ്യാപകരും 'കട്ടസപ്പോർട്ടു'മായി കൂടെയുണ്ട്.

വയനാട്ടിലെ ചെറുവയൽരാമന്റെ കൈയിൽനിന്നാണ് 'ഗന്ധകശാല'യുടെ വിത്ത് കൊണ്ടുവന്നത്. രാസവളവും കീടനാശിനിയുമില്ലാതെ ജൈവമായിത്തന്നെ കൃഷി നടത്തി. ട്രാക്ടർവാടക, വളം തുടങ്ങിയ ചെലവുകൾക്കുള്ള പണം രക്ഷിതാക്കളും അധ്യാപകരും ചേർന്ന് സമാഹരിച്ചു.

നെല്ലിനുപുറമെ മുപ്പതുസെന്ററിൽ വാഴക്കൃഷിയുമുണ്ട്. നേന്ത്ര, പൂവൻ, മൈസൂരി എന്നിവയാണ് കൃഷി ചെയ്യുന്നത്. മാതൃഭൂമി സീഡ് ക്ലബ്ബും സ്കൂളിൽ സജീവമാണ്.

കഴിഞ്ഞവർഷം നാലുമണിക്കൂർ നേരത്തെ ഭക്ഷ്യമേള നടത്തി സ്കൂൾ 24 ലക്ഷം നേടിയിരുന്നു. ഈ തുകകൊണ്ട് സ്കൂളിലെ പാവപ്പെട്ട നാലു കുട്ടികളുടെ കുടുംബങ്ങൾക്ക് വീടുവെച്ചു കൊടുക്കുകയും ചെയ്തു.



# കർഷകർക്ക് ആശ്വാസമായി തടയണ നിർമ്മിച്ച് വിദ്യാർത്ഥികൾ



വിദ്യാർത്ഥികൾ തടയണ നിർമ്മാണത്തിൽ


അരീക്കോട്: മൂന്ന പഞ്ചായത്തുകളിൽ കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലവുമെത്തിക്കുന്നതിന് തടയണ നിർമ്മിച്ച് വിദ്യാർത്ഥികളുടെ സന്നദ്ധ പ്രവർത്തനം. അരീക്കോട് പഞ്ചായത്തിലെ ചെമ്രക്കാട്ടൂർ, വെള്ളേരി, താഴത്തുമുറി ,വലിയ കല്ലിങ്ങൽ , ചീക്കോട് പഞ്ചായത്തിലെ വിളയിൽ, കുഴിമണ്ണ പഞ്ചായത്തിലെ കടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് അറുതി വരുത്താൻ കടുങ്ങല്ലൂർ പാലത്തിന് താഴെ തടയണ നിർമിച്ച് അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടേതാണ് പ്രയത്നം.

അരീക്കോട് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കർഷകർ ഉള്ള ഒരു പ്രദേശമാണ് ഇത്. ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശത്തെ കൃഷിക്കാർക്കും കുടുംബങ്ങൾക്കും വിദ്യാർത്ഥികളുടെ ദൗത്യം വലിയ ആശ്വാസമാവും. അരീക്കോട്, ചീക്കോട്, കുഴിമണ്ണ എന്നീ മൂന്ന് പഞ്ചായത്തുകളിലെ അഞ്ച് വാർഡുകളിലായി പരന്നുകിടക്കുന്ന 2500 കുടുംബങ്ങൾക്കാണ് പദ്ധതി പ്രയോജനകമാവുക. സ്കൂളിലെ എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികളായ 160 സന്നദ്ധ വളണ്ടിയർമാർക്ക് ഒപ്പം നാട്ടുകാരും തടയണ നിർമ്മാണത്തിൽ പങ്കാളികളാവുന്നു.

യുവകർഷകൻ നൗഷർ കല്ലടയുടെ വെള്ളേരി- ചാലിപ്പാടത്തെ ഒരേക്കറോളം വരുന്ന വയലിൽ വർഷങ്ങളായി സ്കൂളിലെ എൻഎസ്എസ് വിദ്യാർത്ഥികൾ നെൽകൃഷി ഇറക്കുന്നുണ്ട് .'മാതൃക ഹരിത ഗ്രാമം' ആയി സ്കൂൾ നേരത്തെ പ്രഖ്യാപിച്ച പ്രദേശത്തിന്റെ കുടിവെള്ളക്ഷാമം കൂടി തടയണ നിർമ്മാണത്തിലൂടെ പരിഹരിക്കപ്പെടുകയാണ്. പ്ലാസ്റ്റിക് ചാക്കുകളിൽ മണൽ നി റച്ചാണ് ശ്രമകരമായ തടയണ നിർമ്മാണം നടത്തുന്നത്.

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ അഡ്വ. പി.വി.എ മനാഫ് ഉൽഘാടനം ചെയ്തു. ജല സംരക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം പ്രദേശത്ത് ഉണ്ടാകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പി.ടി.എ പ്രസിഡന്റ് അൻവർ കാരാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. വാർഡ് അംഗം ഉമ്മർ വെള്ളേരി, അലുംനി കൺവീനർ എം.പി ഷൗക്കത്തലി, പ്രിൻസിപ്പാൾ കെ.ടി മുനീബ് റഹ്മാൻ, പ്രധാനാദ്ധ്യാപകൻ സി.പി അബ്ദുൽ കരീം, കർഷകൻ നൗഷർ കല്ലട , മേലേപുരക്കൽ ചെറിയാപ്പു സംസാരിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ മുഹ്സിൻ ചോലയിൽ സ്വാഗതവും സ്കൗട്ട് മാസ്റ്റർ മുഹമ്മദ് റാഫി നന്ദിയും പറഞ്ഞു.






# ഫെസ്റ്റ് ഒ ലെറ്റ്

അരീക്കോടിന്റെയും സമീപദേശങ്ങളുടെയും വിദ്യാഭ്യാസ, സാംസ്കാരിക വീഥിയിൽ എന്നും വഴിവിളക്കായി തെളിഞ്ഞു നിൽക്കുന്ന, അജ്ഞതയുടെ ഇരുൾ പടർന്ന കാലത്ത്, ദീപസ്തംഭമായി വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം പ്രസരിപ്പിച്ച സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂൾ സെപ്റ്റംബർ 20, 21, 22 (വെള്ളി, ശനി, ഞായർ) തിയ്യതികളിലായി സംഘടിപ്പിച്ച ഫെസ്റ്റ് ഒ ലെറ്റിന് 22 ലെ ഗസൽ നിശയോടെ സമാപനമായി.

പേരുകൊണ്ട് അക്ഷരോത്സവമായിരുന്നുവെങ്കിലും

ലെറ്റ് ഒ ഫെസ്റ്റ് പക്ഷെ, അക്ഷരങ്ങളുടെ മാത്രം ഉത്സവമായിരുന്നില്ല; ആവിഷ്കാരങ്ങളുടെയും വിജ്ജാനപ്പരീക്ഷകളുടെയും ഉത്സവമായിരുന്നു.

ആവിഷ്കാരത്തിന്റെ വിവിധ മാധ്യമങ്ങളായ അക്ഷരങ്ങളും ചിത്രണവും ഭാഷണവും  സംഗീതവും നടനവും സമഞ്ജസമായ ഇവിടെ ഒത്തുചേർന്നു. ലോക പ്രശസ്ത കൊളാഷ് കലാകാരൻ മനുകള്ളിക്കാടിന്റെ അനിതര പ്രതിഭയുടെ ആവിഷ്കാരമായ വിസ്മയിപ്പിക്കുന്ന കൊളാഷുകളുടെ പ്രദർശനം കാഴ്ചക്കാരെ വിസ്മയിപ്പിച്ചപ്പോൾ, നാട്ടുകാരിയായ ചിത്രകാരി റഹ്ഫാ മുസദ്ദിഖിന്റെയും വിദ്യാർത്ഥി ജൂലിയയുടെയും ചിത്രങ്ങൾ സന്ദർശകരിൽ കൗതുകമുണർത്തി. പൂർവവിദ്യാർത്ഥിയും പൂർവാദ്ധ്യാപകനുമായ എം പി ഷൗക്കത്ത് മാസ്റ്ററുടെ വന്യജീവി - അസം യാത്രാ ഫോട്ടോ പ്രദർശനം ഫെസ്റ്റ് ഓ ലെറ്റിന് പുതിയ മാനം നൽകി. പ്രസാധക കുലപതികളുടെതിനൊപ്പം ദേശത്തെ എഴുത്തുകാർക്കു മാത്രമായി ഒരുക്കിയ സ്റ്റാൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

വായനയുടെ ഗൗരവവും പ്രാധാന്യവുമടയാളപ്പെടുത്തുന്ന പുസ്തക വിൽപനയുടെ പകലുകൾക്കു ശേഷമുള്ള ധന്യസായാഹ്നങ്ങളിൽ അരങ്ങേറിയ, കാലിക പ്രസക്തമായ വിഷയങ്ങളെ അധികരിച്ചുള്ള ചിന്തോദ്ദീപകമായ പ്രഭാഷണങ്ങളും വർത്തമാനകാല  സാമൂഹിക സാഹചര്യങ്ങളെയും പരിസ്ഥിതി വിഷയങ്ങളും കാർഷിക സംസ്കൃതിയും പ്രമേയമാക്കിയ നാടകവും ആർദ്ര സംഗീതത്തിന്റെ ഭാവിഷ്കാരമായ ഗസൽ പെയ്ത സാംസ്കാരിക സദസ്സും ഫെസ്റ്റ് ഒ ലെറ്റിനെ അക്ഷരങ്ങളുടെതെന്നതിന്നപ്പുറം ആവിഷ്കാരങ്ങളുടെ ഉത്സവമാക്കി.

സെപ്തംബർ 21 ന് രാവിലെ 9 മണിക്ക് സ്കൂൾ മാനേജർ കെ അബ്ദുസ്സലാം മാസ്റ്റർ പുസ്തകമേള ഉദ്ഘാടനം ചെയ്തു.

അരീക്കോട് വിദ്യാഭ്യാസ സബ് ജില്ലാ പരിധിയിൽ വരുന്ന ഇരുപത്തിയഞ്ച്
 പ്രാഥമിക വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിഭാധനരായ 25 വിദ്യാർത്ഥികൾ ഓരോരുത്തരും നാലുവരി കവിത ആലപിച്ചു കൊണ്ട് വൈകീട്ട് 7 മണിക്ക് സാംസ്കാരിക സദസ്സ് ഉദ്ഘാടനം നിർവഹിച്ചു. എഴുത്തുകാരനും സാമൂഹിക നിരീക്ഷകനുമായ ശ്രീ എ പി കുഞ്ഞാമു, "മലബാർ, തനിമയും സംസ്കാരവും" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. സഹജീവി സ്നേഹത്തിന്റെ ആൾരൂപമായി പ്രളയകാല കേരളത്തിൽ മാനവ സ്നേഹത്തിന്റെ ആൾരൂപകവിതയായി അവതരിച്ച നൗഷാദ് കൊച്ചിയെ വേദിയിൽ ആദരിച്ചു. നൗഷാദ് നൗഷിയുടെ ഗാനമാലപിച്ചു. സ്കൂൾ പ്രിൻസിപ്പൽ കെ ടി മുനീബുർ റഹ്മാൻ അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ ഫെസ്റ്റ് ഒ ലെറ്റ് ചെയർമാൻ മലിക് നാലകത്ത് സ്വാഗതം പറഞ്ഞു.

സ്കൂൾ മാനേജർ കെ അബ്ദുസ്സലാം മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ച
21 ന്റെ സാംസ്കാരിക സദസ്സിന് എം പി റഹ്മത്തുള്ള സ്വാഗതം പറഞ്ഞു. പി ടി എ പ്രസിഡണ്ട് അൻവർ കരാട്ടിൽ അധ്യക്ഷത വഹിച്ചു. വൈകീട്ട് 7 മണിക്ക് മാനവികതയുടെ എഴുത്തുകാരനും പ്രഭാഷകനുമായ ശ്രീ പി എം എ ഗഫൂർ "മതം, സംസ്കാരം" എന്ന വിഷയത്തെ അധികരിച്ചു നടത്തിയ പ്രഭാഷണം മാനവികതയുടെയും മനുഷ്യ സ്നേഹത്തിന്റെയും ഉണർത്തുപാട്ടായി.

തുടർന്ന് കാർഷിക സംസ്കാരത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രാധാന്യവും പ്രസക്തിയും വിളിച്ചോതുന്ന നാടകം, ഡോ. പ്രദീപൻ പാമ്പിരിക്കുന്നിന്റെ തൂലികയിൽ വിടർന്ന "വയലും വീടും" അരങ്ങേറി.

22 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സ്കൂളിന്റെ പൂർവവിദ്യാർത്ഥി കൂട്ടായ്മ "സതീർത്ഥ്യർ '79," എസ് ഒ എച്ച് എസ് സ്ഥാപക പ്രധാനാധ്യാപകൻ എൻ വി ഇബ്രാഹീം മാസ്റ്ററുടെ സ്മരണയിൽ അരീക്കോട് വിദ്യാഭ്യാസ

സബ് ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച "മലയാള സാഹിത്യം" ക്വിസ് മത്സരം, പ്രശസ്ത ക്വിസ് മാസ്റ്റർ നൗഷാദ് അരീക്കോട് നയിച്ചു.

സാംസ്കാരിക സദസ്സ് വൈകീട്ട് 7 മണിക്ക് കലികറ്റ് സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. എൻ വി അബ്ദു റഹിമാൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മാസ്റ്റർ സി പി കരീം അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫെസ്റ്റ് ഒ ലെറ്റ് കൺവീനർ എം പി ഹിദായത്തുള്ള സ്വാഗതം പറഞ്ഞു.

ഗാന്ധി ജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ 2 ന് സ്കൂൾ സംഘടിപ്പിക്കുന്ന ദണ്ഡിയാത്ര പുനരാവിഷ്കാരത്തിന്റെ പ്രചരണ വീഡിയോയുടെ സ്വിച്ചോൺ കർമം പ്രൊഫ. എൻ വി അബ്ദു റഹിമാൻ നിർവഹിച്ചു. തുടർന്ന് ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

കാലിക പ്രാധാന്യമേറെയുള്ള, "ഫാസിസത്തിന്റെ ഭാഷ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രശസ്ത എഴുത്തുകാരനും പ്രഭാഷകനുമായ പി സുരേന്ദ്രൻ ചെയ്ത പ്രഭാഷണം ഏറെ ശ്രദ്ധേയമായി. ഫാസിസത്തെ പ്രതിരോധിക്കുവാനുള്ള ഉത്തരവാദിത്വമേറ്റെടുക്കാൻ വർത്തമാനകാല യുവതയെ അദ്ദേഹം ആഹ്വാനം ചെയ്തു.

വിദ്യാർത്ഥികളുടെ
സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കാനും അവരിലെ സർഗശേഷി പരിപോഷിപ്പിക്കുന്നതിനുമായി, സതീർത്ഥ്യർ '79 കഴിഞ്ഞ മൂന്നു വർഷങ്ങളായി നടത്തി വരുന്ന "ജ്യോതിർഗമയ" അംഗങ്ങളുടെ രചനകളടങ്ങിയ "ജ്യോതിർഗമയ" എന്ന പുസ്തകത്തിന്റെ പ്രകാശനം സതീർത്ഥ്യർ '79 കൺവീനർ മലിക് നാലകത്തിനു നൽകിക്കൊണ്ട് പ്രശസ്ത എഴുത്തുകാരൻ പി സുരേന്ദ്രൻ നിർവഹിച്ചു. സ്കൂൾ അക്കാദമിക് സെക്രട്ടറി ഡോ. പി പി അബ്ദുൽ ഹഖ്, മുൻ മാനേജർ എം പി എ സലാം എന്നിവർ ആശംസകൾ നേർന്നു. ശേഷം, മലബാറിലെ പ്രശസ്ത ഗസൽ ഗായക ദമ്പതികളായ റസയും ബീഗവും സംഘവും അവതരിപ്പിച്ച ഗസൽ നിശയോടെ മൂന്നു പകലിരവുകൾ നീണ്ട അക്ഷരോത്സവത്തിന് തിരശ്ശീല വീണു.





ലോകം എൻറെ രാജ്യമാണ് ലോകത്തുള്ള എല്ലാ മനുഷ്യരും മറ്റു ജീവജാലങ്ങളും എനിക്ക് പ്രിയപ്പെട്ടതാണ് ഞാൻ  എൻറെ പ്രപഞ്ചത്തെ സ്നേഹിക്കുന്ന വൈവിധ്യപൂർണ്ണമായ അതിൻറെ പാരമ്പര്യത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് വിവേചനരഹിതമായ പുതു ലോകം കെട്ടിപ്പടുക്കാൻ ഞാൻ പരിശ്രമിക്കും  ചെറുതും വലുതുമായ ഓരോ ജീവിയേയും സ്നേഹിക്കാനും ബഹുമാനിക്കാനും അംഗീകരിച്ചാലും കഴിയുമെന്ന് ഞാൻ അഭിമാനമായി കരുതുന്ന പ്രകൃതി എനിക്ക് തന്ന നന്മകളെ  അതിൻറെ പത്തിരട്ടി ആയി അടുത്ത തലമുറയ്ക്ക് കൈമാറുന്നത് എൻറെ ഉത്തരവാദിത്വമാണ് എന്ന് ഞാൻ തിരിച്ചറിയുന്ന ലോകം  ജയിക്കട്

നമ്മുടെ കുട്ടികൾ നെല്ലി പഠിക്കുന്ന പ്രതിജ്ഞ പലതവണ വായിച്ചു അവിടെ തുടങ്ങുന്ന ല്ലേ സങ്കുചിത ചിന്തകളുടെ വിത്തു പകലുകൾ സത്യത്തിൽ കേവല ദേശീയതയിൽ തുടർന്ന് ഷിയാ നാടിൻറെ പത്തിലേക്ക് അല്ലേ നിങ്ങൾ വേണ്ടത് വെറുതെ ഏതാണെങ്കിലും ഒരു സ്വപ്നമാണ് രാജ്യാതിർത്തികൾ ഔദ്യോഗികമായി അടയാളങ്ങൾ മാത്രമാവുകയും പരസ്പര സ്നേഹത്തിൻറെ യും സൗഹാർദത്തിനും പൂത്തിരികൾ ഭൂമി ഇളകിയ താങ്ങുന്ന ഒരു ദിവസത്തെ കുറിച്ചുള്ള ഭ്രാന്തൻ സ്വപ്നം

വിട

## സമാപനം

വാഗ്ദാനങ്ങളുടെ കാലമാണിത് എളുപ്പവഴിയിൽ മോക്ഷം വാഗ്ദാനം ചെയ്യുന്ന കാലം എത്രയോ പേർ മോഹനര് ആയി ആ വലയിൽ പോയി കുടുങ്ങുന്നു എല്ലാ സ്വാതന്ത്ര്യവും പണയംവെച്ച് ഓച്ഛാനിച്ചു നിൽക്കുന്നു

വിധേയത്വത്തിന് അധ് യിൽ ജീവിതം ഹോമിക്കുന്ന അനന്തമായ യാത്ര അവസാനം നിരാശയിലേക്ക് നയിക്കുന്നു ആരെയാണോ വിശ്വസിച്ച് ആരാധിച്ചത് അവരോട് അവിശ്വാസവും വിരോധവും തോന്നുന്ന അതിലേക്ക് നയിക്കുന്നു

അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല നിരാശയോടെ പിൻവാങ്ങിയ നമ്മുടെ ഇടം പൂരിപ്പിക്കാൻ മറ്റൊരാൾ അവിടെ ആവേശത്തോടെ എത്തിയിട്ടുണ്ടാകും

വാഗ്ദാനങ്ങളുടെ മാസ്മരികത ജീവിതത്തിൻറെ സഹജ വഴി അല്ല അതു തന്ത്രമാണ് പണത്തിനും പ്രശസ്തിക്കും അധികാരത്തിനും വേണ്ടി ആളുകളെ കൂട്ടാൻ തന്ത്രശാലി വാഗ്ദാനങ്ങളിൽ കുടുങ്ങി പോകാതിരിക്കാനുള്ള കരുതലുകളാണ് നാം വളർത്തിയെടുക്കേണ്ടത് മനുഷ്യന് വിധേയപ്പെട്ടു അതിനാൽ തന്നെയാണ് ഒരേ ഒരു വഴി



# തിരുമുറ്റം

## സുല്ലമുസ്സലാം ഓറിയെന്റൽ ഹയർ സെക്കണ്ടറിസ്കൂൾ

### അരീക്കോട്